**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1737      01.07.2022-ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

ചോദ്യം      മറുപടി

ശ്രീ .സി .എച്ച് കുഞ്ഞമ്പു      ഡോ.ആർ.ബിന്ദു
(ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഉണ്ട്. എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവർത്തി ഏറ്റെടുത്ത് നടത്തുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറായതിനെ തുടർന്ന് സൊസൈറ്റിയുമായി 4.04.2022-ന് കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ കരാറിൽ ഏർപ്പെട്ടുകയും 14.06.2022-ന് എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും, കൺസൾട്ടിംഗ് & ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. |
| (ബി) മാസ്റ്റർ പ്ലാൻ പ്രകാരം ഈ പദ്ധതിക്ക് എത്ര രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) മാസ്റ്റർ പ്ലാൻ പ്രകാരം ഈ പദ്ധതിക്ക് 25 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) നിലവിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 14.02.2020-ലെ സ.ഉ (സാധാ) നം. 78/2020/ സാ .നീ. വ ഉത്തരവ് പ്രകാരം 4,89,52,829/- രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിംഗ് & ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. |

| | |
|---|---|
| (ഡി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ബാക്കി തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 4,89,52,829/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരമുള്ള ഒന്നാം ഘട്ട പ്രവൃത്തികൾ വിലയിരുത്തിയ ശേഷം ആയതിന്റെ പുരോഗതിക്ക് അനുസൃതമായി തുടർ പ്രവൃത്തിക്കുള്ള തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് . |

Jasmin Thomas

സെക്ഷൻ ഓഫീസർ